**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **03-02-2026 - ൽ മറുപടിയ്ക്ക്**

**അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള കാലതാമസം എന്ത് കൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലുണ്ടായ കാലതാമസം മൂലമാണ് പൊന്നുംവില നടപടികൾ വൈകുന്നത്. പൊന്നുവില നടപടിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. ചമയങ്ങളുടേയും, എടുപ്പുകളുടേയും വിലനിർണ്ണയം പൂർത്തിയായിട്ടുള്ളതാണ്. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെയായി എത്ര അവലോകന യോഗങ്ങളാണ് നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലാ കളക്ടേറ്റിൽ ചേർന്നതെന്നും പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നതും വിശദമാക്കാമോ; | (ബി) | അങ്കമാലി ബൈപ്പാസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021, 2022, 2023, 2024, 2025 എന്നീ വർഷങ്ങളിലായി ആകെ ഏഴ് അവലോകന യോഗങ്ങളാണ് നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ ചേർന്നിട്ടുള്ളത്. ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (LA), RBDCK, DGM & പ്രോജക്ട് എൻജിനീയർ, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി യൂണിറ്റ് നമ്പർ 1 എറണാകുളം എന്നിവരാണ് പങ്കെടുത്തിട്ടുള്ളത്. |
| (സി) | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഭൂമി എന്നത്തേയ്ക്ക് ഏറ്റെടുത്ത് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | വിശദ വിലനിർണ്ണയ പത്രിക യഥാസമയം അംഗീകരിച്ച് നൽകി, അർത്ഥനാധികാരി നിശ്ചിതസമയത്തിനുള്ളിൽ തന്നെ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് RFCTLARR Act 2013ൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിയ്ക്ക് കൈമാറാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ